## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2968** **10.03.2017- ൽ മറുപടിക്ക്**

### <u>കൊല്ലങ്കോട് ബൈപാസ് റോഡ് പ്രവൃത്തി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. കെ. ബാബു** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് ബൈപാസ് റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയുടെ വിശദാംശം നൽകുമോ; | (എ) നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് ബൈപാസ് നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി പൊന്നുംവില നടപടിക്രമമനുസരിച്ച് 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനായി സ്ഥലത്തിന്റെ ആകെ തുകയുടെ 25% (2,64,30,000/- രൂപ) മുൻകൂറായി കെട്ടിവെയ്ക്കുവാൻ റവന്യൂ വകുപ്പിൽ നിന്നും ആവശ്യപ്പെടുകയും, പ്രസ്തുത തുകയ്ക്കുള്ള ശുപാർശ സർക്കാർ പരിഗണനയിലുമാണ്. |
| (ബി) ഏത് വർഷത്തെ ബജറ്റിലാണ് ഈ ബൈപാസിന് തുക വകയിരുത്തിയത് എന്നും എത്ര തുകയാണ് വകയിരുത്തിയത് എന്നും വിശദമാക്കുമോ; | (ബി) 2016-17 വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത പ്രവൃത്തിക്ക് 2,27,88,000/- രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) ബൈപാസ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് നിലവിലുണ്ടോ എന്ന് അറിയിക്കുമോ; ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവ സംബന്ധിച്ച വിശദാംശം നൽകുമോ; | (സി) 14.07.2009-ലെ സ.ഉ (സാധാ) നം. 1045/2009/പൊ.മ.വ പ്രകാരം കൊല്ലങ്കോട് ബൈപാസ് നിർമ്മാണത്തിന് 1300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ബൈപ്പാസ് റോഡിന് 14.5204 ഹെക്ടർ സ്ഥലമാണ് ആവശ്യമായിട്ടുള്ളത്. അതിൽ 0.4594 ഹെക്ടർ സ്ഥലം സർക്കാർ പുറമ്പോക്കും ബാക്കി 14.0610 ഹെക്ടർ സ്ഥലം സ്വകാര്യ |

| | | | |
|---|---|---|---|
| | | | വ്യക്തികളുടെ നിലവുമാണ്. സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ബൈപാസിന്റെ പണി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ഡി) | ബൈപാസ് നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കുന്നതിന് 10.57 കോടി രൂപയും പ്രവൃത്തി ചെയ്യുന്നതിന് 14.50 കോടി രൂപയും ചേർത്ത് ആകെ 25.07 കോടി രൂപ ആവശ്യമാണെന്ന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുകയ്ക്ക് ഭരണാനുമതി പുതുക്കി നൽകിയ ശേഷം മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ